

PINDICHARITHAM

CHAPTER ONE

കുന്നംകുളത്തിന്റെ ക്രിസ്തുമസും പിണ്ടി പെരുന്നാളും

ഒന്നാം ഭാഗം

പണ്ട് കുന്നംകുളത്തിന്റെ ആഘോഷങ്ങൾ അങ്ങാടികൾ കേന്ദ്രീകരിച്ചായിരുന്നു. ഡിസംബർ പാതി മുതൽ ആരംഭിക്കുന്ന ആഘോഷതിമിർപ്പ് ആറാം തിയ്യതി അർദ്ധ രാത്രി പിണ്ടി പെരുന്നാൾ സമാപിക്കുന്നത് വരെ നീളും. ക്രിസ്തുമസ് അവധിക്ക് സ്കുളുകൾ അടയ്ക്കുന്നകതിന് മുമ്പെ തന്നെ കുട്ടി സംഘങ്ങൾ വീടുകളിൽ തൂക്കിയിടാനുള്ള നക്ഷത്രങ്ങൾ ഉണ്ടാക്കുന്നതിൽ മുഴുകും. കടകളിൽ നക്ഷത്രങ്ങൾ അത്ര സുലഭമായി എത്തിയിരുന്നില്ല. മാത്രമല്ല തങ്ങളുടെ കരവിരുതിൽ വെളിച്ചം തൂകുന്ന നക്ഷത്രങ്ങൾ ആണ് കൂട്ടികളുടെ മനസ്സിൽ ഏറെ പ്രകാശം പരത്തിയിരുന്നത്. ക്രിസ്തുമസ്കാലത്തെ വിശിഷ്ടാതിഥി ഈ നക്ഷത്രം മാത്രമായിരുന്നു. ഏതാണ്ട് അമ്പത് കൊല്ലം മുമ്പ് വരെ പുൽക്കൂടൊക്കെ കുന്നംകുളത്തുകാർക്ക് അപരിചിതമായിരുന്നു. ക്രിസ്തുമസ് അവധിക്ക് സ്കൂൾ അടച്ചാൽ കൂട്ടികരോൾ സംഘങ്ങൾ അങ്ങാടികൾ മുഴുവൻ വ്യാപിക്കും. ക്രിസ്തുമസ് കേക്കുകളായിരുന്നു മറ്റൊരാകർണം. ആണ്ടിലൊരിക്കൽ നാടു കാണാനെത്തുന്ന മാവേലിയെപോലെ ക്രിസ്തുമസ് കാലങ്ങളിൽ മാത്രമാണ് കേക്കുകൾ പ്രജകളെ കാണാൻ എത്തുക. ഇരുവശത്തും നിരനിരയായി നിൽക്കുന്ന അങ്ങാടി വീടുകളിൽ ഞാത്തിയിട്ട നക്ഷത്രങ്ങളുടെ വെളിച്ചത്തിൽ ധനുമാസക്കുളിരിൽ ക്രിസ്തുമസിന്റെ പാതിരാ കുർബാനയ്ക്കുള്ള കാൽനടയാത്ര കാല്പനികമായൊരു അനുഭൂതിയായി ഇന്നും മനസ്സിലുണ്ട്. കൂർബ്ബാന കഴിഞ്ഞാൽ പടക്കങ്ങൾ പൊട്ടി തുടങ്ങും.രാവിലെ വീട്ടിലെത്തിയാൽ പ്രഭാതഭക്ഷണം വെളേളപ്പവും കുമ്പളങ്ങയോ ഉരുളന്ക്കിഴങ്ങോ ഇട്ട് തേങ്ങാപാൽ ഒഴിച്ചുവെച്ച കോഴിക്കറി ആയിരിക്കും. വെളേളപ്പം കുതിർത്തിയിരിക്കുന്ന പാകത്തിൽ കറിയിൽ ചാറുണ്ടായിരിക്കും. വീടുകളിലെ കോഴിക്കൂടുകളിലെ പൂവൻ കോഴികൾ തലേന്ന് തന്നെ രക്തസാക്ഷികളായിട്ടുണ്ടാകും. ഉച്ചക്ക് മൂക്കുമുട്ടെയാണ് ഭക്ഷണം കഴിക്കുക. പോത്ത് വരട്ടിയതും കണ്ണമീൻ തേങ്ങാപാൽ ഒഴിച്ച് മാങ്ങയിട്ട് വെച്ചതും അതിന് നിർബന്ധമാണ് ക്രിസ്തുമസ്സിന്റെ അന്ന് രാത്രി പടിഞ്ഞാറെ അങ്ങാടിക്കാർക്ക് ഏറെ സന്തോഷപ്രദമാണ്. പടിഞ്ഞാറെ അങ്ങാടിയിൽ തന്നെയുള്ള 1925 ൽ സ്ഥാപിതമായ എം. ജെ.ഡി ഹൈസ്കൂളിന്റെ പരിസരത്തുള്ള പഴയപള്ളിയുടെ പെരുന്നാൾ ക്രിസ്തുമസ് ദിനത്തിന്റെ അന്ന് രാത്രിയും പിറ്റേന്ന് പകലുമാണ്. രണ്ടോ മൂന്നോ ആനകളാണുണ്ടാവാറുള്ളതെങ്കിലും അക്കാലത്ത് ചില അത്ഭുതങ്ങളൊക്കെ 26ന് പെരുന്നാൾഎന്ന് അറിയപ്പെട്ടിരുന്ന ആ പെരുന്നാൾ ഒളിപ്പിച്ചു വെച്ചിരുന്നു. ഇരുവശങ്ങളും ക്രിസ്തുമസ് നക്ഷത്രങ്ങൾ അണിനിരക്കുന്നൊരു പെരുന്നാൾ ഇതൊന്നു മാത്രമേയുള്ളൂ. ഒരിക്കൽ പെരുന്നാളിനെ കൊച്ചിയിൽ നിന്നൊരു വനിത ബാൻഡ് സംഘം വന്നു. വനിതകൾ മാത്രമുള്ള ബാൻഡ്സ്റ്റ് അമ്പതാണ്ടിനു മുമ്പ് കുന്നംകുളത്തുകാരെ തെല്ലൊന്നുമല്ല അമ്പരിപ്പിച്ചത്. പിന്നൊരിക്കൽ പെരുന്നാളിനെത്തിയത് പഞ്ചവാദ്യക്കാരാണ്. നസ്രാണികൾക്കിടയിൽ അമ്പലവാദ്യമായി കണക്കാക്കപ്പെട്ടിരുന്ന പഞ്ചവാദ്യം പെരുന്നാളിനെത്തിയത് എല്ലാവർക്കും രസിച്ചില്ല. പടിഞ്ഞാറെ അങ്ങാടിയിൽ താമസിച്ചിരുന്ന പുലിക്കോട്ടിൽ പാത്തപ്പൻ ആയിരുന്നു. ഇതിനുപിന്നിലെ ബുദ്ധിക്രേന്ദം. മികച്ച വയലിനിസ്റ്റായിരുന്നു പാത്തപ്പേട്ടൻ. പ്രഭാതങ്ങളിൽ പാത്തപ്പേട്ടന്റെ വയലിൻ പ്രാക്ടീസ് കേട്ടാണ് അങ്ങാടിക്കാരിൽ പലരും ഉറക്കമുണർന്നിരുന്നത് തന്നെ. പാത്തപ്പേട്ടന്റെ സംഗീതോപകരണം വീണയാണെന്നും ഗിത്താർ ആണെന്നുമൊക്കെ അങ്ങാടികളിലെ സംഗീതക്കാർക്കിടയിൽ അക്കാലത്ത് ഭിന്നാഭിപ്രായങ്ങളുണ്ടായിരുന്നു. പെരുന്നാളിന് വരുന്ന ബാൻഡ് സെറ്റുകാർക്ക് പാത്തപ്പേട്ടനെ പേടിയായിരുന്നു. വീടിന് മുമ്പിൽ പെരുന്നാളെത്തിയാൽ പാത്തപ്പേട്ടൻ റോഡിലേക്കിറങ്ങും. പിന്നീട് പാത്തപ്പേട്ടൻ പറയുന്ന കീർത്തനങ്ങളും സെമി ക്ലാസ്സിക്കൽ പാട്ടുകളുമൊക്കെയാണ് അവർ പാടേണ്ടത്. കടുകിട തെറ്റിയാൽ പാത്തപ്പേട്ടന്റെ പിടിവീഴും. കേൾവിക്കാരെ ആവേശഭരിതരാക്കുന്ന ചിലലൊട്ടുലൊടുക്കു പാട്ടുകളും അക്കാലത്തെ പൊതുജന ഹിറ്റുകളും മാത്രം മൂലധനമായുള്ള അവരെങ്ങിനെ പാത്തപ്പേട്ടന്റെ സംഗീത ബോധത്തെ പേടിക്കാതിരിക്കും. രാത്രിപെരുന്നാൾ ഗംഭീരമാണ്. പള്ളിപ്പറമ്പിലാണ് വെടിക്കെട്ട് നടക്കുക. വലിയ ഇരുമ്പുകുറ്റികളിൽ നിന്ന് കുതിച്ചുയർന്ന് ആകാശത്ത് പൂക്കളം തീർക്കുന്ന അമിട്ടുകളാണ് പ്രധാന ഇനം.

IMPERIUM FIESTA

വേണ്ടത്ര ഉയരത്തിലെത്താതെ പൊട്ടുന്ന അമിട്ടുകളുടെ ഗുളികകൾ മുഴുവൻ കത്തിതീരാതെ അടുത്ത പ്രദേശങ്ങളിലുള്ള ഓലപ്പുരകൾക്കു മേൽ ക്രാഷ് ലാൻഡിംഗ് നടത്തുകയും, തുടർന്ന് തീപ്പിടുത്തമുണ്ടാവുകയും ചെയ്തിരുന്ന സംഭവങ്ങളും വിരളമായിരുന്നില്ല. ദോഷം പറയരുതല്ലോ, തീപ്പിടുത്തമുണ്ടായ വീടുകളിലെ മേഞ്ഞ ഓലകളുടെ കെട്ടുപൊട്ടിച്ച് തീകെടുത്താനുമൊക്കെ പെരുന്നാൾ കാണുന്ന അതേ ആവേശത്തോടെ ആളുകൾ ഓടിക്കൂടിയിരുന്നു. കരിമരുന്നു വിദ്യയിലെ ഭീകരൻ കമ്പവാണമാണ്. പഴയപള്ളിയിലേക്ക് പടിഞ്ഞാറെ അങ്ങാടിയിൽ നിന്ന് കയറുചെല്ലുന്നിടത്തുള്ള ബാസ്ക്കറ്റ്ബോൾ ഗ്രൗണ്ട് കേന്ദ്രമാക്കിയാണ് ഈ മത്സരം. മത്സര വിജയികൾക്ക് തരക്കേടില്ലാത്ത തുക സമ്മാനമായി കിട്ടും നാലുമൂലകളിൽ നിന്ന് നടുവിലെ തൂണിലേക്ക് വലിച്ചുകെട്ടിയ കമ്പക്കയറിലുടെയാണ് വാണങ്ങൾ കയറിയിറങ്ങുക. വലിയ സീൽക്കാരത്തോടെ കയറിയിറങ്ങുന്ന വാണങ്ങൾ കാണികളെ ലഹരിപിടിപ്പിക്കും. വാണങ്ങളുടെ ഉഗ്രതയെ പ്രോത്സാഹിപ്പിക്കാനെന്നവണ്ണം അവർ കൈയ്യടിക്കുകയും ആർത്തുവിളിക്കുകയും ചിലപ്പോഴൊക്കെ കരിമരുന്ന് പ്രയോഗങ്ങൾ പുലരും വരെ നീളും. പൊട്ടുന്ന അമിട്ടുകളുടെ കണക്ക് എടുക്കുന്നത് അക്കാലത്തെ സ്ക്കൂൾ കുട്ടികളുടെ പ്രധാന വിനോദങ്ങളിൽ ഒന്നായിരുന്നു. പെരുന്നാൾ ക്ഷീണം മാറും മുമ്പെ പുതുവത്സരം എത്തും. പഴയ പള്ളിയുടെ ബാസ്ക്കറ്റ് ബോൾ ഗ്രൗണ്ടിൽ ജനുവരി ഫെസ്റ്റ് എന്ന പേരിൽ പുതുവത്സര ആഘോഷം ഉണ്ടാകും. ചുരുങ്ങിയത് 75 കൊല്ലത്തെയെങ്കിലും പഴക്കം ഈ ആഘോഷത്തിന് ഉണ്ട്. ഇക്കാലത്തിനു മുമ്പെ മകരഫെസ്റ്റ് എന്ന പേരിൽ കുന്നംകുളം വൈ.എം.സി.എ യിൽ പുതുവത്സരാഘോഷം നടത്താറുണ്ടായിരുന്നു. ദിവാനോ, അതുപോലെ തലയെടുപ്പുള്ള മറ്റാരെങ്കിലും ആയിരിക്കും പ്രധാന അതിഥികൾ. സംഗീത സദസ്സുകളും ചായസൽക്കാരവുമുണ്ടാകും. പ്രവേശനം പാസ് മൂലമായിരുന്നു. നാലണയായിരുന്നു പാസിന്റെ വില. (നെറ്റി ചുളിക്കേണ്ട, 1930 കളിലെ കാര്യമാണ്.) അന്നത്തെ വി.ഐ.പികൾക്കു മാത്രമേ നാലണയുടെ പാസ് വാങ്ങി മകരഫെസ്റ്റിൽ സന്നിഹിതരാകാൻ കഴിഞ്ഞിരുന്നുള്ളൂ.

നമുക്ക് ജനുവരി ഫെസ്റ്റിലേക്ക് തിരിച്ചുവരാം. പഴയ പള്ളിയിലെ ബാസ്ക്കറ്റ് ബോൾ കോർട്ടിന്റെ പടിഞ്ഞാറു ഭാഗത്ത് താൽക്കാലികമായി കെട്ടിയുണ്ടാക്കിയ സ്റ്റേജിലാണ് സംഭവം നടക്കുക. ജനം പള്ളിപ്പറമ്പ് നിറഞ്ഞുകവിയും. ഡിസംബർ 31 രാത്രിയിലെ സന്ധ്യാനമസ്കാരത്തിന് ശേഷം ഏതാണ്ട് 7 മണിയോടെ തുടങ്ങുന്ന പരിപാടി പുതുവർഷം പിറന്ന് ഒന്നൊന്നരയോടെയാണ് അവസാനിക്കുക. മിക്കവാറും ഏതെങ്കിലും ബിഷപ്പായിരിക്കും യോഗത്തിന്റെ അദ്ധ്യക്ഷൻ. പ്രസംഗം കഴിഞ്ഞാൽ കലാപരിപാടികളായി. നൃത്തങ്ങൾ ചിലപ്പോഴൊക്കെയുണ്ടാകും. പിന്നീടാണ് ഗാനമേള. എഴുപതാണ്ടുകൾമുൻപേ പഴയ പള്ളി ക്രേന്ദ്രീകരിച്ചുണ്ടായിരുന്ന എം.ജി.എം. ഓർക്കസ്ട്രയാണ് അരങ്ങിലുണ്ടാവുക. ക്രിസ്തുമസ് കരോൾ വളരെ ചിട്ടയോടെ നിലവാരത്തിൽ നടത്താറുള്ളവരാണ് അവർ. അക്കൊല്ലം അവരൊരുക്കിയ ക്രിസ്തുമസ് ഗാനങ്ങളാണ് വേദിയിൽ ആലപിക്കുക. പാത്തപ്പേട്ടൻ, ജോർജ്ജ്ഡേവിഡ്, വർഗ്ഗീസ് (വയലിൻ), പായിപ്പൻ (ഹാർമോണിയം), കൊച്ചു മോഹൻദാസ് (തബല), പുഷ്പൻ (ഗിത്താർ) എന്നിവരാകും ഓർക്കസ്ട്രയിലെ പ്രധാനികൾ. ഗാനമേള കഴിഞ്ഞാൽ ജനങ്ങൾ അക്ഷമരായി കാത്തിരിക്കുന്നത് നാടകത്തിനാണ്. നാട്ടിലൊക്കെ തന്നെയുള്ളവരാകും നാടകക്കാർ. നടികളെ പുറമെ നിന്ന് ഇറക്കുമതി ചെയ്യുന്നു. കുടുംബത്തിൽ പിറന്ന പെണ്ണുങ്ങൾക്ക് പറ്റിയതല്ല നാടകമെന്നാണ് യഥാസ്ഥിതിക മനോഭാവം എങ്കിലും പുറമെ നിന്നുള്ള നടിമാരെ അവർ സ്വാഗതം ചെയ്യുകയും അവരുടെ അഭിനയത്തിനെ മൂല്യനിർണ്ണയം നടത്തുകയും ചെയ്യും.

അക്കാലത്തരങ്ങേറിയ നീറോ എന്ന നാടകം രംഗസജ്ജീകരണം, വസ്ത്രാലങ്കാരം, അഭിനയം എന്നീ മേഖലകളിലൊക്കെ പ്രൊഫഷനൽ നാടകങ്ങളോട് കിടപിടിക്കുന്നതായിരുന്നു അതിസുന്ദരനായ സൈമൻ പ്രസ്തുത നാടകത്തിലെ പ്രധാന കഥാപാത്രമായിരുന്നു. അദ്ദേഹത്തിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടരായ നിലവിലെ സുന്ദരിമാരെ കൂടാതെ നാടകത്തിലെ കഥാപാത്രത്തോട് മറ്റുചില തരുണീമണികളിൽ നിന്ന് ഒട്ടേറെ പ്രേമലേഖനങ്ങൾ അദ്ദേഹത്തിന് ലഭിക്കുകയും ചെയ്തതായി പഴയ ചരിത്ര രേഖകളിലുണ്ട്. നാടകത്തിനിടക്ക് പാതിരാത്രി 12 മണിയാകുമ്പോൾ ബാസ്കറ്റ് ബോൾ കോർട്ടിന് അഭിമുഖമായി പള്ളിയുടെ തെക്ക് പടിഞ്ഞാറ് ഭാഗത്ത് ഉയരത്തിലായി തൂക്കിയിട്ട ബോർഡിൽ ഹാപ്പി ന്യൂ ഇയർ എന്ന ഇംഗ്ലീഷ് അക്ഷരങ്ങൾ തെളിയും. പള്ളിയിൽ മണി മുഴങ്ങും. നാടകം നിർത്തിവെച്ച് ജനങ്ങൾ പള്ളിക്കകത്ത് കയറി പുതുവർഷം നന്മ നിറഞ്ഞതാകാൻ പ്രാർത്ഥിക്കും. പിന്നീട് എല്ലാവരും പഴയ സ്ഥാനങ്ങളിലേക്ക് മടങ്ങും. പഴയ കൊല്ലം തുടങ്ങിയ നാടകം ഇടവേളക്ക് ശേഷം പുതിയ കൊല്ലത്തിൽ പൂർത്തിയാകും. ഒന്ന് ഒന്നരമണിയോടെ സമാപന ദേശീയ ഗാനവും കേട്ട് ഉറക്കം തൂങ്ങുന്ന കണ്ണുകളുമായി ജനം വീടുകളിലേക്ക് മടങ്ങും.

ജനുവരി അഞ്ചിലെത്തുമ്പോഴേക്കും തങ്ങളുടെ ആഘോഷ ലഹരി കുന്നംകുളത്തുകാർ പൊടിതട്ടിയെടുക്കും. ജനുവരി 5 രാത്രി മുതൽ പിറ്റേന്ന് പാതിരാത്രി വരെ ആഘോഷിക്കുന്ന ആറാന്തി (ആറാം തിയ്യതി) പെരുന്നാൾ എന്ന് പ്രശസ്തമായ പിണ്ടി പെരുന്നാളിന് വേണ്ടിയാണത്. ടിപ്പുസുൽത്താന്റെ ആക്രമണത്തിൽ നിന്ന് രക്ഷതേടിയെത്തിയ നസ്രാണികളാണ് കുന്നംകുളം നഗരം കെട്ടിപ്പടുത്തത് എന്നാണ് പാരമ്പര്യ വിശ്വാസം. അതുകൊണ്ട് അവരുടെ പ്രധാന ആഘോഷമായ പിണ്ടിപെരുന്നാളിനും അത്രയേറെ പഴക്കമുണ്ടായിരിക്കും. ഇന്നത്തെത്രേ വർണ്ണ ശബളിമയും വൈവിദ്ധ്യവും ഇല്ലായിരുന്നുവെങ്കിലും അവർ തങ്ങളുടെ പൂർവ്വീക വിശ്വാസത്തിന്റെ ഭാഗമായ പിണ്ടിപെരുന്നാൾ മുടക്കം കൂടാതെ കൊണ്ടാടിയിരുന്നു.

വി.സി.ഗീവർഗീസ്

OUR SERVICES

FLAGS

T-SHIRTS

FESTIVAL AD SUPPLEMENTS

ACRYLIC MULTIWOOD NAME BOARDS

LED RENTAL NAME BOARDS

SOCIAL MEDIA POSTER

FESTIVAL PROMOS

STICKER PRINTING

BADGES

CAPS

IMPERIUM
GRAPHICS
KUNNAMKULAM ANGADI

CONTACT NOW
+91 7560 85 97 97
+91 9400 55 00 61